بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 17.05.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## സരിയഃ റജീഇലെ സ്വഹാബാക്കളുടെ ത്യാഗങ്ങൾ

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًاعَبْدُهٗ وَرَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ۞ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۞ اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۞ الرَّحۡمٰنِ الرَّحِیۡمِ ۞ مٰلِکِ یَوۡمِ الدِّیۡنِ ۞ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ۞ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۞ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ۞

റജീഅ് സരിയയെ പറ്റിയാണ് പറഞ്ഞു വന്നിരുന്നത്. ഇതിന്റെ കൂടുതൽ വിശദീകരണങ്ങൾ ഹദീസുകളിലും ചരിത്രത്തിലും വിവരിക്കപ്പെട്ടിട്ടുണ്ട്. റജീഅ് (സരിയയെ) സംബന്ധിച്ച് സ്വഹീഹ് ബുഖാരിയിൽ പറയുന്നു: നബി(സ) കാര്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി സരിയ എന്ന നിലക്ക് ഹദ്റത്ത് ആസ്വിം ബിൻ സാബിത് അൻസാരിയെ അമീറായി നിശ്ചയിച്ചുകൊണ്ട് 10 ആളുകളെ അയക്കുകയുണ്ടായി. ബനൂ ലയ്ഹാന്റെ അമ്പെയ്ത്തുകാരായ 200 പേരുമായി മുസ്‌ലിംകൾക്ക് എതിരിടേണ്ടിവന്നു. മുസ്‌ലിംകൾ അവരെ കണ്ടപ്പോൾ ഒരു കുന്നിൻ പുറത്ത് അഭയം പ്രാപിച്ചു. ശത്രുക്കൾ അവരെ വളയുകയും അഭയം നൽകാമെന്നും ഞങ്ങൾ നിങ്ങളിൽ ആരേയും കൊല്ലുന്നതല്ല എന്നും പറഞ്ഞു: സരിയയുടെ അമീർ ഹദ്റത്ത് ആസ്വിം ബിൻ സാബിത് പറഞ്ഞു: എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അല്ലാഹുവാണെ, ഞാൻ ഒരു കാഫിറിന്റെ അഭയത്തിൽ താഴെ ഇറങ്ങുന്നതല്ല. തുടർന്ന് അവർ ഇങ്ങനെ ദുഃആ ചെയ്തു: അല്ലാഹുവേ, ഞങ്ങളെ സംബന്ധിച്ച് നിന്റെ നബി(സ)നെ നീ അറിയിക്കേണമേ! ശത്രുക്കൾ അവർക്ക് നേരെ അമ്പെയ്ത് ഹദ്റത്ത് ആസ്വിം സഹിതം 7 സ്വഹാബാക്കളെ വധിക്കുകയുണ്ടായി.

3 പേർ ഉടമ്പടി പ്രകാരം താഴെയിറങ്ങി. ശത്രുക്കൾ അവരെ മൂന്ന് പേരെയും കീഴ്പ്പെടുത്തി, വരിഞ്ഞുകെട്ടി. അപ്പോൾ മൂന്നാമത്തെ വ്യക്തി അബ്ദുല്ലാഹ് ബിൻ ത്വാരിഖ് പറഞ്ഞു: ഇത് നിങ്ങളുടെ ആദ്യത്തെ ചതിയാണ്. അല്ലാഹുവാണെ, ഞാൻ നിങ്ങളുടെ കൂടെ വരുന്നതല്ല. അവർ ആ സ്വഹാബിയെ നിർബന്ധിക്കുകയുണ്ടായി. അദ്ദേഹം വിസമ്മതിച്ചപ്പോൾ അവർ അദ്ദേഹത്തെയും ശഹീദാക്കി. ബാക്കിയുണ്ടായിരുന്ന ഹദ്റത്ത് ഖുബൈബിനെയും ഹദ്റത്ത് സൈദ് ഇബ്നു ദൻസയെയും കൊണ്ടുപോയി മക്കയിൽ വിൽക്കുകയുണ്ടായി. ഹദ്റത്ത് ഖുബൈബിനെ ബനൂ ഹാരിസ് ബിൻ ആമിർ ബിൻ നൗഫൽ ബിൻ അബ്ദു മനാഫ് വിലക്കു വാങ്ങി.

ബുഖാരിയുടെ നിവേദനമനുസരിച്ച് 10 സ്വഹാബാക്കളടങ്ങുന്ന ഈ സംഘം വിവരങ്ങൾ അന്വേഷിച്ചറിയാൻ വേണ്ടി മാത്രമുള്ളവരായിരുന്നു. അവർ പാത്തും പതുങ്ങിയും പോകുന്നതിനിടയിൽ യസ്‌രിബിലെ ഈന്തപ്പഴക്കുല തിരിച്ചറിഞ്ഞ ഏതോ ഒരു സ്ത്രീ ബഹളമുണ്ടാക്കി. ശത്രുക്കൾ അവരെ അക്രമിക്കുകയും ചെയ്തു. എന്നാൽ ഈ സംഘം സമീപ പ്രദേശങ്ങളിലെ അവസ്ഥകൾ നിരീക്ഷിക്കാൻ വേണ്ടി മാത്രം നിയോഗിക്കപ്പെട്ടവർ ആയിരുന്നുവെന്നും അവർ പുറപ്പെട്ടിട്ടില്ലായിരുന്നുവെന്നും നബി(സ) അവിടെ വന്ന ഒരു സംഘത്തോടൊപ്പം അവരെ പറഞ്ഞയക്കുകയാണ് ചെയ്തതെന്നുമാണ് അധികം നബിചരിത്രകാരന്മാരും എഴുതിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഉം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഉം വിവിധ ചരിത്ര ഗ്രന്ഥങ്ങളിലെ വിവരണങ്ങൾ സ്വരുക്കൂട്ടിയിട്ടുണ്ട്. അവർ പറയുന്നു: ബുഖാരിയിലും മറ്റ് നബിചരിത്ര പുസ്തകങ്ങളിലും ഇവർ രഹസ്യമായി യാത്ര ചെയ്തു എന്ന് പറയുന്നത് നിവേദകരുടെ മറവിയാണെന്ന് തോന്നുന്നു. കാരണം ഇവർ ഗസൽ, ഖാര എന്നീ ഗോത്രങ്ങളിലെ ആളുകൾക്കൊപ്പമാണ് പോയിരുന്നത് അതുകൊണ്ടുതന്നെ അവർക്ക് രഹസ്യമായി യാത്ര ചെയ്യേണ്ട കാര്യമില്ലായിരുന്നു. അതേസമയം ഗസൽ, ഖാര ഗോത്രക്കാർ വാസ്തവത്തിൽ നേരത്തെ ഗൂഢാലോചന ചെയ്ത് ഇവരെ കൊണ്ടുപോകുകയായിരുന്നു. അസ്ഫാനും മക്കക്കും ഇടയിൽ എത്തിയപ്പോൾ അവർ തങ്ങളുടെ ഗൂഢപദ്ധതിയനുസരിച്ച് ബനൂ ലയ്ഹാനെ വിവരമറിയിക്കുകയും അങ്ങനെ അവരുടെ 200 അക്രമകാരികൾ അവിടെ എത്തുകയും ചെയ്തതായിരിക്കാമെന്ന് അനുമാനിക്കാവുന്നതാണ്. അല്ലാഹു അഅ്ലം.

ഹദ്റത്ത് ആസ്വിം(റ)ന്റെ ധീരമായ പോരാട്ടത്തേയും അദ്ദേഹത്തിന് ശഹാദത്ത് വരിക്കാൻ സൗഭാഗ്യം ലഭിച്ചതിന്റേയും പരാമർശം വിശദമായി ലഭിക്കുന്നുണ്ട്. അദ്ദേഹം ആദ്യം ശത്രുക്കൾക്ക് നേരെ അമ്പെയ്തുകൊണ്ടിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ അമ്പുകൾ തീർന്നപ്പോൾ പിന്നെ കുന്തമെടുത്ത് പൊരുതാനിറങ്ങി, പക്ഷെ കുന്തം പൊട്ടിപ്പോയി വാളു മാത്രം ബാക്കിയായപ്പോൾ അതുകൊണ്ട് പൊരുതി. തന്റെ ശഹാദത്ത് ഉറപ്പായപ്പോൾ അദ്ദേഹത്തിന് തന്റെ നഗ്നത വെളിപ്പെടുമോ എന്ന ആശങ്കയായി. കാരണം ശത്രുക്കൾ ശഹീദാക്കുന്ന വ്യക്തിയുടെ മൃതദേഹം ചവിട്ടി മെതിക്കുകയും നഗ്നത വെളിപ്പെടുത്തുകയും ചെയ്തിരുന്നു. ആ സമയത്ത് അദ്ദേഹം അല്ലാഹുവിനോട് ഇപ്രകാരം ദുഃആ ചെയ്തു: അല്ലാഹുവേ, ഞാൻ പ്രഭാതം മുതൽ നിന്റെ ദീനിനെ സംരക്ഷിക്കുകയായിരുന്നു. ഇനി ഈ സായാഹ്നത്തിൽ നീ തന്നെ എന്റെ ശരീരത്തിനെ സംരക്ഷിക്കേണമേ! തുടർന്ന് അദ്ദേഹം ശഹാദത്ത് വരിക്കുകയുണ്ടായി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഈ സംഭവം വിവരിച്ചുകൊണ്ട് എഴുതുന്നു: നബി(സ) ഹിജ്‌രി നാലാം വർഷം സഫർ മാസത്തിൽ തന്റെ 10 സ്വഹാബികളടങ്ങുന്ന ഒരു സംഘത്തെ തയ്യാറാക്കുകയും ഹദ്റത്ത് ആസ്വിം ബിൻ സാബിത്തിനെ അതിന്റെ അമീറായി നിശ്ചയിക്കുകയും രഹസ്യമായി മക്കക്ക് സമീപമെത്തി ഖുറൈശികളുടെ അവസ്ഥയെ പറ്റി മനസ്സിലാക്കി അവരുടെ നീക്കങ്ങളെയും ഉദ്ദേശ്യങ്ങളെയും പറ്റി തന്നെ അറിയിക്കാൻ അദ്ദേഹത്തിന് കൽപ്പന നൽകുകയും ചെയ്തു.

ഹദ്റത്ത് ആസ്വിം(റ) മക്കയിലെ ഒരു വലിയ ഖുറൈശി നേതാവിനെ വധിച്ചിട്ടുണ്ടായിരുന്നു. ശഹീദാക്കപ്പെട്ടവരിൽ ആസ്വിം ബിൻ സാബിത്തും ഉണ്ട് എന്ന് ഖുറൈശികൾ അറിഞ്ഞപ്പോൾ ആസ്വിമിന്റെ തലയോ ഏതെങ്കിലും ശരീരഭാഗമോ കൊണ്ടു വരണമെന്ന് പറഞ്ഞ് കുറച്ച് ആളുകളെ അയച്ചു. ആസ്വിം കൊലപ്പെടുത്തിയ ആളുടെ മാതാവ് തന്റെ മകന്റെ ഘാതകന്റെ തലയോട്ടിയിൽ മദ്യമൊഴിച്ച് കുടിക്കുമെന്നു നേർച്ച നേർന്നിരുന്നു. പക്ഷെ അല്ലാഹു ചെയ്തത് നോക്കുക, ഈ ആളുകൾ അവിടെ എത്തിയപ്പോൾ ആസ്വിമിന്റെ മൃതദേഹത്തിനു മുകളിൽ കടന്നലിന്റെയും തേനീച്ചയുടെയും ഒരു വലിയ സംഘം വന്നിരിക്കുന്നതാണ് കാണുന്നത്. ആളുകൾ കടന്നൽ കൂട്ടത്തേയും തേനീച്ചക്കൂട്ടത്തെയും അവിടെ നിന്ന് ആട്ടിയകറ്റാൻ ശ്രമിച്ചെങ്കിലും അവർക്കതിൽ വിജയിക്കാൻ കഴിഞ്ഞില്ല. അങ്ങനെ അവസാനം അവർക്ക് പരാജിതരും ഹതാശരുമായി മടങ്ങേണ്ടി വന്നു. അതിനുശേഷം ഉടൻ തന്നെ പെയ്ത മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ ആസ്വിമിന്റെ മൃതദേഹം എങ്ങോട്ടോ ഒലിച്ചുപോകുകയും ചെയ്തു.

ആസ്വിം മുസ്‌ലിമായപ്പോൾ ഇനിമേലിൽ എല്ലാത്തരം ശിർക്കിൽനിന്നും വിട്ടുനിൽക്കുമെന്നും ഒരു മുശ്‌രിക്കിനേയും സ്പർശിക്കുക പോലുമില്ലായെന്നും ശപഥം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ശഹാദത്തിനെയും മേൽ സംഭവത്തെയും കുറിച്ച് അറിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: അല്ലാഹു തന്റെ ദാസന്റെ വികാരങ്ങളെ അയാളുടെ മരണശേഷവും വളരെ വിലമതിക്കുന്നു, അങ്ങനെ ആസ്വിമിന്റെ ശപഥം നിറവേറ്റിക്കൊടുക്കുകയും മുശ്‌രിക്കീംകളുടെ സ്പർശനത്തിൽ നിന്ന് അദ്ദേഹത്തെ സംരക്ഷിക്കുകയും ചെയ്തു.

ബാക്കി സ്വഹാബാക്കൾ ധീരമായി പൊരുതി ശഹീദാകുകയുണ്ടായി. ഇനി ഹദ്റത്ത് ഖുബൈബ് ബിൻ അദിയ്യ്, ഹദ്റത്ത് സൈദ് ബിൻ ദസ്ന, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ് എന്നീ മൂന്ന് സ്വഹാബാക്കളാണ് ബാക്കിയുണ്ടായിരുന്നത്. അവരോട് നിങ്ങളെ ഒന്നും ചെയ്യില്ലെന്ന് ഉടമ്പടി ചെയ്തിരുന്ന ശത്രുക്കൾ അവരെ കയ്യിൽ കിട്ടിയപ്പോൾ വിശ്വാസവഞ്ചന കാണിച്ചു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖിനെ ശഹീദാക്കിയശേഷം പണത്തിന്റെ അത്യാർത്തിയിൽ ഖുബൈബിനെയും സൈദിനെയും മക്കയിൽ വിൽക്കുകയും ചെയ്തു. ഖുബൈബിനെ ഹാരിസ് ബിൻ ആമിർ ബിൻ നൗഫലിന്റെ മക്കൾ വിലക്ക് വാങ്ങുകയുണ്ടായി. കാരണം ഖുബൈബ് ബദ്ർ യുദ്ധത്തിൽ ഹാരിസിനെ കൊന്നിട്ടുണ്ടായിരുന്നു. സൈദിനെ സ്വഫ്‌വാൻ ബിൻ ഉമയ്യയും വിലക്ക് വാങ്ങി.

ഹദ്റത്ത് സൈദിനെ വധിക്കാൻവേണ്ടി എത്തിച്ചപ്പോൾ അബൂസുഫ്‌യാൻ ബിൻ ഹർബ് അദ്ദേഹത്തോട് ചോദിച്ചു: സൈദ്, ഞാൻ അല്ലാഹുവിനെ സാക്ഷിയാക്കി നിന്നോട് ചോദിക്കട്ടെ, നിന്റെ സ്ഥാനത്ത് ഇപ്പോൾ മുഹമ്മദ് ആയിരിക്കുകയും ഞങ്ങൾ അദ്ദേഹത്തിന്റെ തല കൊയ്യുകയും നീ നിന്റെ കുടുംബത്തോടൊപ്പം കഴിച്ചുകൂട്ടുകയും ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടോ? ഹദ്റത്ത് സൈദ് പറഞ്ഞു: നബി(സ) ഇപ്പോൾ വസിക്കുന്ന വീട്ടിനുള്ളിൽ ആണെങ്കിൽപോലും അദ്ദേഹത്തിന്റെ കാലിൽ ഒരു മുള്ളു തറഞ്ഞ് പ്രയാസമുണ്ടാകുകയും അതേസമയം ഞാൻ എന്റെ വീട്ടിൽ കുടുംബത്തോടൊപ്പം സ്വസ്ഥമായി കഴിയുകയാണെങ്കിൽപോലും അത് എനിക്ക് ഇഷ്ടമല്ല.

അപ്പോൾ അബൂസുഫ്‌യാൻ പറഞ്ഞു: മുഹമ്മദിന്റെ സ്വഹാബാക്കൾക്ക് മുഹമ്മദിനോട് ഉള്ളതുപോലുള്ള സ്നേഹം ജനങ്ങളിൽ മറ്റൊരിടത്തും ഞാൻ കണ്ടിട്ടില്ല. തുടർന്ന് ഹദ്‌റത്ത് സൈദിനെ വധിക്കുകയുണ്ടായി.

ഇബ്നു ഉകൂഅ് പറയുന്നു: സൈദിനെയും ഖുബൈബിനെയും ഒരേ ദിവസമാണ് ശഹീദാക്കിയത്. അവർ രണ്ടുപേരും ശഹീദായ വിവരം അറിയിച്ചപ്പോൾ നബി(സ) പറഞ്ഞു: അലൈക്കുമ സ്സലാം! നിങ്ങൾ രണ്ടുപേർക്കും സമാധാനമുണ്ടാകട്ടെ.

ഹാരിസ് ബിൻ നൗഫലിന്റെ മക്കൾ ഹദ്‌റത്ത് ഖുബൈബിനോട് വളരെ മൃഗീയമായിട്ടാണ് പെരുമാറിയിരുന്നത്. ഖുബൈബ് പറഞ്ഞു: മാന്യന്മാരായ ആളുകളാരും തങ്ങളുടെ ബന്ദികളോട് ഇങ്ങനെ പെരുമാറാറില്ല. ഏതായാലും കാഫിരീംകളുടെ മനസ്സിനെ അത് സ്വാധീനിക്കുകയുണ്ടായി. അതിനു ശേഷം അദ്ദേഹത്തോട് അവർ നല്ല നിലയിൽ വർത്തിക്കാൻ തുടങ്ങി.

തടവിലുള്ള സമയത്ത് ഒരു കുട്ടി ഖുബൈബിന്റെ അടുക്കലെത്തി. അദ്ദേഹത്തിന്റെ കയ്യിലാകട്ടെ അപ്പോൾ ക്ഷൗരക്കത്തിയുമുണ്ട്. അദ്ദേഹം കുട്ടിയെ എടുത്തത് കണ്ട് കുട്ടിയുടെ മാതാവ് കുട്ടിക്ക് വല്ലതും സംഭവിക്കുമെന്ന് ഭയപ്പെട്ടു. ഖുബൈബ് ആ ഉമ്മയുടെ ഭയം മുഖഭാവത്തിൽനിന്ന് മനസ്സിലാക്കിക്കൊണ്ട് ചോദിച്ചു; ഞാൻ കുട്ടിയെ കൊല്ലുമെന്ന് നിങ്ങൾ ഭയപ്പെടുകയാണോ? അല്ലാഹുവാണെ, എന്നാൽ ഞാൻ അങ്ങനെ ചെയ്യുന്നവനല്ല.

ആ സ്ത്രീ പറയുമായിരുന്നു: ഞാൻ ഖുബൈബിനേക്കാൾ നല്ല ഒരു ബന്ദിയേയും ഒരിക്കലും കണ്ടിട്ടില്ല. പറയുന്നു: ഞാൻ ഒരു ദിവസം അദ്ദേഹത്തിന്റെ കയ്യിൽ ഒരു മുന്തിരിക്കുല കാണുകയുണ്ടായി. അത് അദ്ദേഹം തിന്നുന്നുണ്ടായിരുന്നു. അദ്ദേഹമാകട്ടെ ചങ്ങലകളാൽ ബന്ധിതനായിരുന്നു. അക്കാലത്ത് മക്കയിൽ ഒരു പഴവും ഉള്ള കാലമായിരുന്നില്ല. അത് അല്ലാഹു അദ്ദേഹത്തിനു നൽകിയ വിഭവമായിരുന്നു.

ഖുറൈശികൾ അദ്ദേഹത്തെ ഹറമിനു വെളിയിൽ കൊല്ലാൻവേണ്ടി കൊണ്ടുപോകുമ്പോൾ അദ്ദേഹം 2 റക്കഅത്ത് നമസ്കരിക്കാൻ അനുമതി ചോദിച്ചു. അദ്ദേഹത്തിന് അനുമതി നൽകുകയും ചെയ്തു. അദ്ദേഹം രണ്ട് റക്കഅത്ത് നമസ്കരിച്ചു, എന്നിട്ട് പറഞ്ഞു; ഞാൻ നമസ്കരിക്കുന്നത് ഭയന്നത് കാരണമാണെന്ന് നിങ്ങൾ ചിന്തിക്കുമോ എന്ന ആശങ്ക ഇല്ലായിരുന്നുവെങ്കിൽ ഞാൻ തീർച്ചയായും നമസ്കാരം ദീർഘിപ്പിക്കുമായിരുന്നു. തുടർന്ന് അദ്ദേഹം അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹുവേ, ശത്രുക്കളെ ഓരോരുത്തരെയായി വക വരുത്തേണമേ, പിന്നെ അദ്ദേഹം ഈ ഈരടികളും ചൊല്ലുകയുണ്ടായി. ഞാൻ മുസ്‌ലിം എന്ന നിലയിൽ വധിക്കപ്പെടുമ്പോൾ ഞാൻ അല്ലാഹുവിനെ ലാക്കാക്കി വീഴുന്നത് ഏത് ഭാഗത്തേക്കാണ് എന്നതിൽ എനിക്ക് പ്രശ്നമില്ല. ഞാൻ വീഴുന്നത് അല്ലാഹുവിന് വേണ്ടിയാകുന്നു. അവൻ ഇഛ്ചിക്കുകയാണെങ്കിൽ തുണ്ടമാക്കപ്പെട്ട ശരീര സന്ധികളിലും അനുഗ്രഹം ചൊരിയുന്നതാണ്. തുടർന്ന് അദ്ദേഹത്തെ നിഷേധികൾ നിഷ്കരുണം ശഹീദാക്കുകയുണ്ടായി.

ഏതായാലും ഇതായിരുന്നു അവരുടെ ത്യാഗങ്ങൾ. മരണത്തെ ഭയപ്പെട്ടിരുന്നില്ല. ഇസ്‌ലാമിനു വേണ്ടി എപ്പോഴും ജീവൻ ത്യജിക്കാൻ സഹാബാക്കൾ സന്നദ്ധരായിരുന്നു. ഈ സരിയയെ പറ്റി കുറച്ചുകൂടി പരാമർശങ്ങളുണ്ട്. അത് ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَآءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 17.05.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T.Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516